# കേരള സർവകലാശാല

നം. പി.ആർ.103/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി.ഡി.ഇ.സി ടൈംടേബിൾ

മേയ് 23-ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പി.ജി.ഡി.ഇ.സി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സ്റ്റാറ്റിസ്റ്റിക്സ് ആന്റ് റിസേർച്ച് മെത്തേഡ്സ് റിഫ്രഷർ കോഴ്സ്

യു.ജി.സി ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ മേയ് 24 മുതൽ ജൂൺ 13 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് വേണ്ടി നടത്തുന്ന സ്റ്റാറ്റിസ്റ്റിക്സ് ആന്റ് റിസേർച്ച് മെത്തേഡ്സ് റിഫ്രഷർ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും www.ugchrdc.in വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പളിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം-695581 എന്ന വിലാസത്തിൽ മേയ് 17-ന് മുൻപ് ലഭിക്കത്തക്ക വിധം അയയ്ക്കണം.

## അപേക്ഷ ക്ഷണിച്ചു

ബയോകെമിസ്ട്രി വിഭാഗം കെ.എം.ആർ പ്രോജക്ടിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റന്റ് ഒഴിവിലേക്ക് (ഒന്ന്) അപേക്ഷ ക്ഷണിച്ചു. യോഗ്യത: നെറ്റോടു കൂടിയ ബയോടെക്നോളജി/ബയോകെമിസ്ട്രി ബിരുദാനന്തര ബിരുദം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷ

മേയ് ഒൻപതിന് ആരംഭിക്കാനിരുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾ ജൂൺ നാലിന് ആരംഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ ഉടൻ പ്രസിദ്ധീകരിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2017 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - 2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സൂക്ഷ്മപരിശോധനയ്ക്കായി ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി മേയ് അഞ്ച് മുതൽ 14 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ബി.ടെക് റീ-വാല്യുവേഷൻ സെക്ഷനിൽ ഹാജരാകണം.

# എം.എസ്‌സി പ്രാക്ടിക്കൽ

**മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ മേയ് 17, 18 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരം കോളേജുകളിലും സർവകലാശാല വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.**

തിരുവനന്തപുരം.
05.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**